**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 88** **28.01.2019-ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കൊച്ചി മെട്രോയുടെ ആലുവ മുതൽ പേട്ട വരെയുള്ള ഒന്നാം ഘട്ട നിർമ്മാണത്തിൽ ഉൾപ്പെട്ട 25.612 കി.മീ-ൽ 18 കി.മീ ഭാഗം ഇപ്പോൾ പ്രവർത്തനം നടത്തി വരുന്നു. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട ബാക്കി 7.612 കി.മീ ഭാഗത്ത് അതിവേഗം നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ മഹാരാജാസ് മുതൽ തൈക്കൂടം വരെയുള്ള ഭാഗം ജൂണിലും, തൈക്കൂടം മുതൽ പേട്ട വരെയുള്ള ഭാഗം ഡിസംബറിലും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. |
| (ബി) | കൊച്ചി മെട്രോ തൃപ്പൂണിത്തുറയിലേക്ക് നീട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് അറിയിക്കാമോ ; | (ബി) | ഒന്നാം ഘട്ടം ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പേട്ട മുതൽ എസ്. എൻ ജംഗ്ഷൻ വരെയുള്ള (ഘട്ടം-1A) ഭാഗം നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളും പുരോഗമിക്കുന്നുണ്ട്. സ്ഥലങ്ങൾ ലഭിക്കുന്ന പക്ഷം പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. എസ്. എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള ഭാഗത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ? | (സി) | ആവശ്യമായ അനുമതികളും, സ്ഥലവും ലഭ്യമാകുന്ന മുറയ്ക്ക് പേട്ട – എസ്. എൻ ജംഗ്ഷൻ പദ്ധതി 2021 ഡിസംബറിലും, എസ്.എൻ ജംഗ്ഷൻ - തൃപ്പൂണിത്തുറ ഭാഗം 2022 ഡിസംബറിലും പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ